"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-എറണാകുളം ജില്ല-തൃക്കാക്കര നഗരസഭ-നഗര സഭ കൗൺസിലിന്റെ 05/08/2022 തീയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം-കേരള മുനിസിപ്പാലിറ്റി ആക്ട് 57(2) വകുപ്പ് പ്രകാരം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.1589/2024/LSGD തീയതി,തിരുവനന്തപുരം, 27-08-2024

---

പരാമർശം:-

1. തൃക്കാക്കര നഗരസഭയുടെ 05/08/2022 തീയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം.
2. തൃക്കാക്കര നഗരസഭ സെക്രട്ടറിയുടെ 10/08/2022 തീയതിയിലെ സി1-108/2021 നമ്പർ കത്ത്.
3. കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടറുടെ 29/08/2022 തീയതിയിലെ ജി2-3368/2022 നമ്പർ കത്ത്
4. 22/10/2022 തീയതിയിലെ സ.ഉ (സാധ) നം.2575/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
5. ബഹു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ 29/06/2024 തീയതിയിലെ 09/2022 നമ്പർ ഉത്തരവ്.

ഉത്തരവ്

എറണാകുളം ജില്ലയിലെ തൃക്കാക്കര നഗരസഭയിലെ 2-ാം വാർഡിൽ 4/5. പുറവങ്കര കൺസ്ട്രക്ഷൻസിന്റെ നിർമ്മാണം ആരംഭിച്ച സ്ഥലത്ത്, പുറമ്പോക്ക് സ്ഥലവും നിലവും പൊതുകാനയും ഉൾപ്പെടുന്നു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ടി നിർമ്മാണവുമായി ബന്ധപ്പെട്ട പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം തേടുന്നതിനും ടി പെർമിറ്റ് നിയമപരമായി റദ്ദ് ചെയ്യുവാൻ കഴിയുമോയെന്നത് സംബന്ധിച്ച് നിയമോപദേശം തേടുന്നതിനുമായി 05/08/2022 തീയതിയിൽ തൃക്കാക്കര നഗരസഭ കൗൺസിൽ പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊള്ളുകയുണ്ടായി.

2. മേൽ കാര്യത്തിലുള്ള തീരുമാനം നിയമവിരുദ്ധമാകയാൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് വിദഗ്ദോപദേശത്തിനായി പരാമർശം (2) പ്രകാരം തൃക്കാക്കര നഗരസഭ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി. ബന്ധപ്പെട്ട രേഖകളും വിശദീകരണവും ചട്ടങ്ങളും പരിശോധിച്ചതിൽ ബഹു. ചെയർപേഴ്സൺ 04/08/2022-ൽ ക്ലാർക്ക് എഴുതിയ അജണ്ട മറ്റ് ഉദ്യോഗസ്ഥർക്ക് പരിഗണിക്കുന്നതിന് അവസരം നൽകാതെ നിയമപരമായി നടപടിക്രമങ്ങൾ പാലിച്ച് കെട്ടിടനിർമ്മാണാനുമതി നൽകിയിട്ടുള്ള വിഷയത്തിൽ അജണ്ട ഒപ്പിട്ടത് 1995-ലെ കേരള മുനിസിപ്പാലിറ്റി കൗൺസിൽ (യോഗനടപടിക്രമങ്ങൾ) ഉടെയും ചട്ടം- 6 ന്റെയും ലംഘനമാണെന്നും അതിനാൽ പരാമർശം (1) തീരുമാനം നിയമാനുസൃതമല്ലയെന്നും പരാമർശം (3) പ്രകാരം കൊച്ചിറീജിയണൽ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

3. തൃക്കാക്കര നഗരസഭ കൈക്കൊണ്ട പരാമർശം (1) പ്രകാരമുള്ള തീരുമാനങ്ങൾ പ്രഥമദൃഷ്ട്യാ

നിയമാനുസൃതമല്ലാത്തതായി കണ്ടതിനെ തുടർന്ന്, കേരള മുനിസിപ്പാലിറ്റി ആക്ട് 57(4) പ്രകാരം സ്റ്റേ ചെയ്ത് 57(2) പ്രകാരം ബഹു: തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

4. മേൽ വിഷയത്തിൽ പരാമർശം (5) പ്രകാരമുള്ള ബഹു. ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം തൃക്കാക്കര നഗരസഭയുടെ 5/8/2022 തീയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം നിയമ വിധേയമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

5. ബഹു: തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ പരാമർശം (5) പ്രകാരമുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . തൃക്കാക്കര നഗരസഭയുടെ 5/8/2022 തീയതിയിലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം നിയമാനുസൃതമല്ലാത്തതിനാൽ, കേരള മുനിസിപ്പാലിറ്റി ആക്ട് 57(2) വകുപ്പിലെ അധികാരം വിനിയോഗിച്ച് ആയത് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ എറണാകുളം.
ചെയർപേഴ്സൺ, തൃക്കാക്കര നഗരസഭ
സെക്രട്ടറി, തൃക്കാക്കര നഗരസഭ
റീജിയണൽ ജോയിന്റ് ഡയറക്ടർ, ത.സ്വ.ഭ.വ. ഫോർട്ട് കൊച്ചി, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rajesh N
സെക്ഷൻ ഓഫീസർ
Date: 27-08-2024 22:53:06